A2/795/ 2024-25/EKNMG

ഇ കെ എൻ എം ഗവ കോളേജ് എളേരിത്തട്ട്
ഇമെയിൽ:eknmgce.dce@kerala.gov.in
ഫോൺ:04672241345
തീയ്യതി: **30.04.2024**

**2024- 25 അദ്ധ്യയന വർഷത്തിൽ കോളേജ് ക്യാൻറീൻ നടത്തിപ്പിന് കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള നോട്ടീസ്**

സൂചന: 22/03/2022 തീയതിയിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ G2/29829/2021/DCE നമ്പർ പരിപത്രം.

ഇ.കെ.എൻ.എം ഗവ: കോളേജ്, എളേരിത്തട്ട്- 2024–2025 അധ്യയന വർഷത്തിൽ കോളേജ് ക്യാൻറീൻ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകാരം ലഭിച്ച കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ചുവടെപറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച കവറിൽ അടക്കം ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

നിബന്ധനകൾ

1. സർക്കാർ നിർദേശത്തിൻറെ അടിസ്ഥാനത്തിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് മാത്രമേ ക്യാൻറീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ സ്വീകരിക്കുകയുള്ളൂ.
2. ക്യാൻറീൻ നടത്തിപ്പ് പൂർണ്ണമായും പ്രിൻസിപ്പാളിൻറെ നിയന്ത്രണത്തിൽ ആയിരിയ്ക്കും. ക്യാൻറീൻ പരിശോധിക്കാൻ ഏത് സമയത്തും, പ്രിൻസിപ്പാളിനും, ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കും അധികാരം ഉണ്ടായിരിക്കും.
3. ക്യാൻറീൻ നടത്തിപ്പ് കാലാവധി 2024 ജൂൺ ഒന്ന് മുതൽ 2025 മെയ് 31 വരെ ഒരു അധ്യയനവർഷത്തേക്ക് ആയിരിയ്ക്കും. എന്നിരുന്നാൽ തന്നെയും തുടർന്ന് വരുന്ന അദ്ധ്യയനവർഷം പുതിയ നടത്തിപ്പുകാർക്കാണ് കിട്ടുന്നതെങ്കിൽ നിർദ്ദേശിക്കുന്ന ദിവസം ക്യാൻറീൻ ഒഴിഞ്ഞു നല്കേണ്ടതാണ്.
4. ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടുന്ന കുടുംബശ്രീയൂണിറ്റുകാർ 200 രൂപയുടെ മുദ്രപ്പത്രത്തിൽ 2024 ജൂൺ 1 ന് മുൻപായി എഗ്രിമെൻറ് ഒപ്പിട്ടു നല്കേണ്ടതും, ക്യാൻറീനിലുള്ള കോളേജ് വക സാമഗ്രികൾ രേഖാമൂലം ഏറ്റെടുത്ത് 2024 ജൂൺ 1 മുതൽ ക്യാൻറീൻ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്.
5. പൊതു അവധി ദിവസങ്ങളൊഴികെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ക്യാൻറീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ്.
6. കോളേജ് ക്യാൻറീനിൻറെ പ്രവർത്തന സമയം രാവിലെ 08:30 മുതൽ വൈകുന്നേരം 04:30 വരെ മാത്രമായിരിക്കും. വൈകുന്നേരം 0 5 മണിക്ക് മുൻപായി ജീവനക്കാർ ക്യാൻറീൻ അടച്ച് ക്യാംപസ് വിട്ട് പോകേണ്ടതാണ്. അത്യാവശഘട്ടങ്ങളിൽ മാത്രം പ്രിൻസിപ്പാളിൻറെ മുൻകൂർ അനുമതി വാങ്ങി, അനുവദിച്ച സമയം വരെ മാത്രം ക്യാൻറീനിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്.
7. കോളേജ് ക്യാൻറീനിലെ മുഴുവൻ ജീവനക്കാരും കരാർ ഏറ്റെടുത്ത കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾ ആയിരിക്കേണ്ടതാണ്.
8. എല്ലാ ക്യാൻറീൻ ജീവനക്കാർക്കും ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ടതും, നിർബന്ധമായും യൂണിഫോം (ഹെഡ് ക്യാപ് ഉൾപ്പടെ) ധരിക്കേണ്ടതുമാണ്.
9. ക്യാൻറീനിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും സഭ്യവും, മാന്യവുമായ പെരുമാറ്റത്തിനുള്ള പൂർണ ഉത്തരവാദിത്തം ക്യാൻറീൻ കരാറുകാരുടേതായിരിക്കും.
10. ക്വട്ടേഷനിൽ പരാമർശിച്ചിരിക്കുന്ന സാധനങ്ങൾ അവയുടെ നേരെ കാണിച്ചിരിക്കുന്ന അളവിലും തൂക്കത്തിലും വിലയിലും നൽകേണ്ടതാണ്. സാധനങ്ങളുടെ വിലവിവരപട്ടിക എല്ലാവർക്കും കാണുവാൻ പറ്റും വിധംപ്രിൻറ് ചെയ്ത് പ്രദർശിപ്പിക്കേണ്ടതാണ്.
11. ഓരോ ദിവസവും ക്യാൻറീനിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന ഭക്ഷണപദാർഥങ്ങളുടെ മെനു തയ്യാറാക്കി, പ്രിൻസിപ്പാളിൻറെ അംഗീകാരം വാങ്ങേണ്ടതാണ്. ഓരോ ദിവസത്തെയും മെനുവിൽ ഉൾപ്പെടുത്തിയിക്കുന്ന ഭക്ഷണപദാർഥങ്ങൾ എല്ലാം തന്നെ അതാത് ദിവസങ്ങളിൽ ക്യാൻറീനിലൂടെ വിതരണം ചെയ്യേണ്ടതാണ്. പ്രിൻസിപ്പാളിൻറെ അനുമതിയില്ലാതെ മെനുവിൽ മാറ്റം വരുത്താൻ പാടുള്ളതല്ല.

12. ക്യാൻറീനിൽ തന്നെ പാചകം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ അല്ലാതെ പുറത്തു നിന്നുമുള്ള യാതൊരു ഭക്ഷണ സാധനങ്ങളും (പാക്കറ്റ് ഫുഡ്, ടിൻ ഫുഡ് ഉൾപ്പടെ) രേഖാമൂലമുള്ള മുൻകൂർ അനുമതിയില്ലാതെ വിതരണം ചെയ്യുവാൻ പാടുള്ളതല്ല. പ്ലാസ്റ്റിക് ബോട്ടിലുകളിൽ ഉള്ള വെള്ളമോ, സോഫ്റ്റ് ഡ്രിങ്ക്സുകളോ യാതൊരു കാരണവശാലും വിൽക്കാൻ പാടുള്ളതല്ല .

13. ക്യാൻറീനും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ക്യാൻറീനിൽ ഉണ്ടാകുന്ന ജൈവ- അജൈവ മാലിന്യങ്ങൾ സ്വന്തം നിലയിൽ തന്നെ ക്യാമ്പസിൻറെ പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത വിധത്തിൽ അതാത് ദിവസം സംസ്കരിക്കേണ്ടതാണ്. ദുർഗന്ധം വമിക്കുന്നതോ, അജൈവമായതോ ആയ മാലിന്യങ്ങൾ യാതൊരു കാരണവശാലും ക്യാമ്പസിനുള്ളിൽ നിക്ഷേപിക്കാൻ പാടുള്ളതല്ല.

14. ക്യാൻറീനിനും, ക്യാൻറീനിലുള്ള കോളേജ് വക ഫർണീച്ചറുകൾക്കും, ഉപകരണങ്ങൾക്കും ഉണ്ടാകുന്ന കേട്പാടുകൾക്കും നാശനഷ്ടങ്ങൾക്കും കരാറുകാരൻ പൂർണ ഉത്തരവാദി ആയിരിക്കും.

15. സർക്കാർ നിർദ്ദേശാനുസരണം കുടുംബശ്രീ യൂണിറ്റ് നടത്തിപ്പുകാരിൽ നിന്ന് കെട്ടിട വാടക ഈടാക്കുന്നതല്ല. ആവശ്യമായ വെള്ളവും, വൈദ്യുതിയും സൌജന്യമായി നൽകുന്നതാണ്. ആയത് കൊണ്ട് തന്നെ ഇവയുടെ ഉപയോഗത്തിൽ മിതത്വം പാലിക്കേണ്ടതാണ്. വൈദ്യുതിയിൽ മാത്രം പ്രവർത്തിക്കുന്ന പാചക അടുപ്പുകൾ, വെള്ളം ചൂടാക്കുന്നതിനുള്ള ഇലക്ട്രിക് കെറ്റിലുകൾ എന്നിവ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, ഓവൻ തുടങ്ങിയവ എത്രയെണ്ണം ഉപയോഗിക്കുന്നുണ്ടെന്നുള്ള വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

16. വിശപ്പ് രഹിത ക്യാംപസ് പദ്ധതിയുടെ ഭാഗമായി ബെനിഫിഷറി ലിസ്റ്റിൽ ഉള്ള വിദ്യാർഥികൾക്ക് സബ്സിഡി നിരക്കിൽ ഉച്ചഭക്ഷണം നല്കേണ്ടതും, വിദ്യാർഥികൾക്ക് ഉച്ചഭക്ഷണം നല്കിയ സൈൻഡ് ലിസ്റ്റ് ഓഫീസിൽ അതാത് ദിവസങ്ങളിൽ പരിശോധനയ്ക്കായി ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സബ്സിഡി തുക സർക്കാരിൽ നിന്ന് അനുവദിക്കുന്ന മുറയ്ക്ക് കുടുംബശ്രീ അക്കൌണ്ടിലേക്ക് തിരിച്ച് നൽകുന്നതുമായിരിക്കും.

17. ആവശ്യപ്പെടുന്ന പക്ഷം ഏത് സമയത്തും പ്രിൻസിപ്പാൾ റൂം, ഓഫീസ്, ഡിപ്പാർട്ട്മെൻറുകൾ എന്നിവടങ്ങളിൽ സ്വന്തം ഉത്തരവാദിതത്തിൽ ഭക്ഷണപാനീയങ്ങൾ എത്തിച്ച് നല്കേണ്ടതാണ്.

18. ക്യാൻറീനിൽ പരാതി പുസ്തകം സൂക്ഷിക്കേണ്ടതും, വിവരം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

19. ക്യാൻറീൻ നടത്തിപ്പ് ചുമതല തീരുന്ന ദിവസം തന്നെ, കോളേജ് വക സാധനങ്ങൾ രേഖാമൂലം തിരിച്ചേൽപ്പിക്കേണ്ടതാണ്. പ്രിൻസിപ്പാളോ, ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം മാത്രമേ ക്യാൻറീൻ നടത്തിപ്പുകാർ കൊണ്ടുവന്ന ഉപകരണങ്ങളും, വസ്തുവകകളും തിരികെ കൊണ്ട് പോകാൻ പാടുള്ളൂ.

മേൽപറഞ്ഞ നിബന്ധനകൾ ലംഘിക്കപ്പെടുകയാണെങ്കിലോ, ക്യാൻറീൻ ജീവനക്കാരിൽ നിന്ന് കോളേജിന് ഏതെങ്കിലും തരത്തിൽ ഗ്ലാനിയോ നഷ്ടമോ സംഭവിക്കുകയോ ആണെങ്കിലോ, ക്യാൻറീൻ നടത്തിപ്പിനുള്ള അനുവാദം പിൻവലിക്കുവാനും, നിയമനടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നതിനുമുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

താഴെപറയുന്ന ഭക്ഷണസാധനങ്ങൾ നിർദ്ദേശിക്കുന്ന അളവിലും തൂക്കത്തിലും എന്തുവിലയ്ക്ക് വിതരണം ചെയ്യാമെന്ന് ക്വട്ടേഷനിൽ കാണിച്ചിരിക്കണം.

| ക്രമ നമ്പർ | സാധനവിവരം | അളവ് / തൂക്കം | വിലവിവരം |
|---|---|---|---|
| 1. | ചായ | 170 മി.ലി | |
| 2. | കാപ്പി | 170 മി.ലി | |
| 3. | കട്ടൻ ചായ | 170 മി.ലി | |
| 4. | കട്ടൻ കാപ്പി | 170 മി.ലി | |
| 5. | ബോണ്ട | 80ഗ്രാം | |
| 6. | പഴംപൊരി | 80ഗ്രാം | |

| | | | |
|---|---|---|---|
| 7. | ഇലയട | 80ഗ്രാം | |
| 8. | സമൂസ | 80ഗ്രാം | |
| 9. | ഉള്ളിവട | 80ഗ്രാം | |
| 10. | പരിപ്പുവട | 80ഗ്രാം | |
| 11. | ഉഴുന്നുവട | 80ഗ്രാം | |
| 12. | ദോശ/ഇഡ്ഡലി/പുട്ട്/ഇടിയപ്പം/ അപ്പം | 100ഗ്രാം | |
| 13. | ചപ്പാത്തി | 80ഗ്രാം | |
| 14. | മസാലക്കറി | - | |
| 15. | മുട്ടഓംലെറ്റ് (സിംഗിൾ ) | - | |
| 16. | മുട്ടഓംലെറ്റ് (ഡബിൾ) | - | |
| 17. | പൊറോട്ട | 100ഗ്രാം | |
| 18. | ഊണ്‍:<br>ചോറ് (ആവശ്യാനുസരണം )<br>ഒഴിച്ചുകറി/സാംബാർ<br>തോരൻ<br>പപ്പടം<br>മോര്/രസം-എന്നീ കറികൾ ഉൾപ്പടെ | - | |
| 19. | ഊണ്‍-(മീൻ കറി ഉൾപ്പടെ )ചോറ് (ആവശ്യാനുസരണം )<br>ഒഴിച്ചുകറി/സാംബാർ<br>തോരൻ<br>പപ്പടം<br>മോര്/രസം-എന്നീ കറികൾ ഉൾപ്പടെ | | |
| 20. | ചിക്കൻ ബിരിയാണി (സിംഗിൾ ) | | |
| 21. | ചിക്കൻ ബിരിയാണി (ഫുൾ ) | | |
| 22. | ബീഫ് ബിരിയാണി (സിംഗിൾ ) | | |
| 23. | ബീഫ് ബിരിയാണി (ഫുൾ ) | | |
| 24. | ഫ്രൈഡ് റൈസ് | | |
| 25. | നെയ്ച്ചോർ | | |
| 26. | നെയ് റോസ്റ്റ് (കറിയുൾപ്പടെ ) | 75 ഗ്രാം | |
| 27. | മസാല ദോശ | 150 ഗ്രാം | |
| 28 . | ഇറച്ചിക്കറി -ആട് | 70 ഗ്രാം | |
| 29. | കോഴി | 70 ഗ്രാം | |
| 30. | ബീഫ് ഫ്രൈ | 100 ഗ്രാം | |
| 31. | മീൻ കറി | 50 ഗ്രാം | |
| 32. | മീൻ വറുത്തത് | 50 ഗ്രാം | |
| 33. | മുട്ട റോസ്റ്റ് | 1 എണ്ണം | |
| 34. | കപ്പ/കാച്ചിൽ/ ചേമ്പ്/ചക്ക | 150 ഗ്രാം | |

മുദ്രവെച്ച കവറിൽ അടക്കംചെയ്ത ക്വട്ടേഷൻ 2024 മെയ് 15ന് 2.30 P.M വരെ കോളേജ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. പ്രിൻസിപ്പാളിന്റെ മേൽവിലാസം എഴുതിയ കവറിനു പുറത്ത് "2024-25 വർഷം കാന്റീൻ

നടത്തുന്നതിനുള്ള ക്വട്ടെഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം. താമസിച്ച് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ അന്നേദിവസം (15/05/2024) ഉച്ചയ്ക്ക് ശേഷം 3 മണിക്ക് സന്നിഹിതരായിരിക്കുന്ന ക്വട്ടേഷൻകരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തിയിരിക്കുന്നവരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് സമ്മതിക്കുന്ന യൂണിറ്റിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതുമാണ്. എങ്കിലും ഒരുകാരണവും പറയാതെ തന്നെ ക്വട്ടേഷനുകൾ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

പകർപ്പ്:

1. കുടുംബശ്രീ CDS ചെയർപേഴ്സൺ, വെസ്റ്റ് എളേരി
2. കുടുംബശ്രീ ജില്ലാ ഓഫീസ്, കാസറഗോഡ്
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കാസറഗോഡ്
4. കോളേജ് നോട്ടീസ് ബോർഡ്
5. വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്
6. എളേരിത്തട്ട്,കോട്ടമല പോസ്റ്റോഫീസ്
7. വെസ്റ്റ് എളേരി സർവീസ് സഹകരണ ബാങ്ക്
8. വെസ്റ്റ് എളേരി വില്ലജ് ഓഫീസ്
9. കോളേജ് വെബ്സൈറ്റ്
10. സ്റ്റോക്ക് ഫയൽ

# Approval Valid

Digitally Approved By
Dr. Mathews Plammoottil
Date: 30.04.2024
Reason: Approved